# പതിമൂന്നാം കേരള നിയമ സഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2516 09 -12- 2014-ൽ മറുപടിക്ക്.

### അക്ഷയ കേന്ദ്രങ്ങൾ കൂടുതൽ പൊതുജന സൗഹൃദമാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ. | | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ( വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |

| | | | |
|---|---|---|---|
| (എ) | അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചതിലും കൂടുതൽ ഫീസ് ചില കേന്ദ്രങ്ങളിൽ ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് പാലക്കാട് ജില്ലയിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ എത്ര പരാതികൾ ലഭിച്ചു; ഇവയിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്ത മാക്കാമോ; | (ബി) | മൂന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്. സർക്കാർ നിബന്ധനങ്ങൾ പാലിക്കണമെന്നും സേവന നിരക്കുകളുടെ പട്ടിക നിർബന്ധമായും പ്രദർശിപ്പിക്കണമെന്നും പ്രസ്തുത അക്ഷയ സെന്ററുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അക്ഷയ കേന്ദ്രങ്ങളിൽ നിയമിക്കപ്പെടുന്ന വർക്ക് നിശ്ചിത യോഗ്യത ഉണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്താറുണ്ടോ; ജില്ലാ തലത്തിൽ ഇക്കാര്യം ആരാണ് പരിശോധിക്കുന്നത്; | (സി) | പൊതു പരസ്യത്തിലൂടെ പ്രീഡിഗ്രി / പ്ലസ്ടു വിദ്യാഭ്യാസ അടിസ്ഥാന യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് ഓൺലൈനായി നടത്തുന്ന പരീക്ഷയുടെയും തുടർന്ന് അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് സംരംഭകരെ തിരഞ്ഞെടുത്തു വരുന്നത്. |

| | | | |
|---|---|---|---|
| | | | എന്നാൽ ഇത്തരത്തിൽ തിരഞ്ഞെടുക്കുന്ന അക്ഷയ സംരംഭകരുടെ കീഴിലുള്ള അക്ഷയ കേന്ദ്രത്തിൽ നിയമിക്കപ്പെടുന്നവരുടെ യോഗ്യതകൾ എന്തൊക്കെ ആകണം എന്ന് നിഷ്കർഷിച്ചിട്ടില്ല. |
| (ഡി) | ജില്ലയിലെ എല്ലാ അക്ഷയ കേന്ദ്രങ്ങളിലും സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് എഴുതി പ്രദർശിപ്പിച്ചിട്ടുണ്ടോ; | (ഡി) | എല്ലാ അക്ഷയ കേന്ദ്രങ്ങളിലും സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് എഴുതി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല ഫീസ് നിരക്ക് അക്ഷയയുടെ ഔദ്യോഗിക വെബ് സൈറ്റായ www.akshaya.kerala.gov.in ലും ലഭ്യമാണ്. |
| (ഇ) | അക്ഷയ കേന്ദ്രങ്ങൾ കൂടുതൽ പൊതുജന സൗഹൃദമാക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (ഇ) | ഉണ്ട്. ജനങ്ങൾക്ക് ഉത്തമവും കാര്യക്ഷമവുമായി പരമാവധി സേവനങ്ങൾ ലഭ്യമാക്കുന്നതിന് അക്ഷയ സംരംഭകരെ സന്നദ്ധരാക്കുന്നതിന് 'പാഠശാല' എന്നൊരു പരിശീലന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ